# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 19 | 2017 |
| --- | --- |



## ശബരിമല പത്രക്കുറിപ്പ് 1

ഫോൺ : 04735–202664
www.prd.kerala.gov.in, prdsannidanam2017@gmail.com
Facebook Page: Sabarimalamediacentreiprdgok

## സന്നിധാനത്ത് ശുചീകരണ പ്രവർത്തനം നടത്തി

ശബരിമല സാനിട്ടേഷൻ സൊസൈറ്റി, അയ്യപ്പ സേവാ സംഘം, അയ്യപ്പ സേവാ സമിതി എന്നിവയുടെ നേതൃത്വത്തിൽ സന്നിധാനത്ത് വിവിധ സ്ഥലങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. അയ്യപ്പ സേവാ സംഘത്തിന്റെ നേതൃത്വത്തിൽ രാവിലെ ഭസ്മക്കുളത്തിന് സമീപം നടന്ന ശുചീകരണം ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. തുടർന്ന് ഡീസൽ ടാങ്കിന്റെ ഭാഗം, പോലീസ് ബാരക്ക്, അന്നദാന മണ്ഡപം എന്നിവിടങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾ നടന്നു. അയ്യപ്പ സേവാ സംഘത്തിന്റെ 50 പ്രവർത്തകർ പങ്കാളികളായി.

ശബരിമല സാനിട്ടേഷൻ സൊസൈറ്റിയുടെ 300 ഓളം പ്രവർത്തകരാണ് ശബരിമലയിൽ ശുചീകരണം നടത്തിയത്. സന്നിധാനത്തെ വിവിധ മേഖലകളെ ഒൻപതായി തിരിച്ചായിരുന്നു ശുചീകരണം.

## പി. ആർ. ഡി മീഡിയ സെന്റർ: റിപ്പോർട്ട് കൈമാറി

മണ്ഡല മകരവിളക്ക് സീസണിൽ ഇൻഫർമേഷൻ പബ്ളിക് റിലേഷൻസ് വകുപ്പിന്റെ സന്നിധാനത്തെ മീഡിയാ സെന്റർ നടത്തിയ പ്രവർത്തനങ്ങളുടെ വിശദമായ റിപ്പോർട്ട് ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ, അംഗം കെ. രാഘവൻ എന്നിവർക്ക് കൈമാറി. പത്തനംതിട്ട ജില്ലാ ഇൻഫർമേഷൻ ഓഫീസർ കെ. മോഹനന്റെ നേതൃത്വത്തിലാണ് റിപ്പോർട്ട് കൈമാറിയത്. ഈ സീസണിൽ പി. ആർ. ഡി മീഡിയ സെന്റർ നടത്തിയ പ്രവർത്തനങ്ങളെ ദേവസ്വം ബോർഡ് പ്രസിഡന്റും അംഗങ്ങളും അഭിനന്ദിച്ചു.

## ഭക്തരുടെ തൃപ്തി ഉറപ്പുവരുത്തി, ഉത്സവകാലം വിജയമായി: പ്രയാർ ഗോപാലകൃഷ്ണൻ

ശബരിമല മണ്ഡല മകരവിളക്ക് സീസണിൽ ഭക്തരുടെ തൃപ്തി ഉറപ്പു വരുത്താൻ തിരുവിതാംകൂർ ദേവസ്വം ബോർഡിന് കഴിഞ്ഞതായും ഉത്സവകാലം വൻ വിജയമായതായും ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ പറഞ്ഞു. സർക്കാരും ദേവസ്വം ബോർഡും വിവിധ വകുപ്പുകളും കൈകോർത്ത് പ്രവർത്തിച്ചതിന്റെ ഫലമാണിത്. മുഖ്യമന്ത്രി പിണറായി വിജയന്റെ നിർദ്ദേശം മാനിച്ച് ദർശന സമയം പ്രതിദിനം അഞ്ച് മണിക്കൂർ ദീർഘിപ്പിച്ചു. കോടതി വിധിയെ ആദരിച്ച് അന്നദാനം ദേവസ്വം ബോർഡ് ഏറ്റെടുത്തു. സന്നിധാനത്ത് 2000 ഇരിപ്പിടങ്ങളോടു കൂടിയ അന്നദാന ശാലയാണ് ഒരുക്കിയത്. അഞ്ച് നേരം പ്രതിദിനം 40,000 പേർക്ക് ഭക്ഷണം കഴിക്കാനുള്ള സജ്ജീകരണ

ങ്ങളാണുണ്ടായിരുന്നത്. സമാനമായ സംവിധാനം പമ്പയിലും ഒരുക്കിയിരുന്നു. ആയിരം ഇരിപ്പിടത്തോടു കൂടിയ അന്നദാന മണ്ഡപമായിരുന്നു പമ്പയിലേത്.

പ്ലാസ്റ്റിക് മുക്ത ശബരിമലയെന്ന കീർത്തിയും ഈ മണ്ഡല മകരവിളക്കു കാലത്ത് നേടി. ശബരിമലയിലെത്തുന്ന ലക്ഷക്കണക്കിന് തീർത്ഥാടകർക്ക് കുടിവെള്ളം നൽകുക എന്നതായിരുന്നു കുപ്പിവെള്ളത്തിന് നിരോധനം ഏർപ്പെടുത്തിയപ്പോഴുണ്ടായ പ്രതിസന്ധി. കൊടും വേനലായിട്ടും നിലയ്ക്കൽ മുതൽ സന്നിധാനം വരെ ഒരിടത്തും കുടിവെള്ള ക്ഷാമം ഉണ്ടായില്ല. പ്രതിദിനം നാലു ലക്ഷം ലിറ്റർ ശുദ്ധീകരിച്ച പച്ചവെള്ളവും രണ്ടു ലക്ഷം ലിറ്റർ ചുക്കുവെള്ളവും തീർത്ഥാടകർക്ക് വിതരണം ചെയ്തു. എരുമേലി, അഴുത, കരിമല, വലിയാനവട്ടം, സത്രം, പുൽമേട്, കഴുതക്കൊക്ക, പാണ്ടിത്താവളം എന്നിങ്ങനെയുള്ള കാനന പാതകളിൽ ഭക്ഷണവും കുടിവെള്ളവും ദേവസ്വം എത്തിച്ചു. ദിവസവും നൽകുന്ന അന്നദാനത്തിനു പുറമെ മകരവിളക്ക് ദിവസം സന്നിധാനത്ത് പാളപ്ലേറ്റിൽ ഒരു ലക്ഷം പേർക്ക് ഭക്ഷണം നൽകി.

സന്നിധാനത്തെത്തുന്ന തീർത്ഥാടകർ ഇരുമുടിക്കെട്ടിൽ കൊണ്ടുവരുന്ന നെയ്തേങ്ങ എവിടെ ഉടയ്ക്കണമെന്നറിയാതെ ബുദ്ധിമുട്ടുന്ന അവസ്ഥയ്ക്ക് ഇത്തവണ പരിഹാരം കണ്ടു. നെയ്തേങ്ങ ഉടയ്ക്കാൻ വാക്കത്തി ഘടിപ്പിച്ച നാലു നെയ്തോണികളുണ്ടായിരുന്നു. ഇതിൽ സംഭരിക്കുന്ന നെയ് ഉപയോഗിച്ച് എല്ലാ ദിവസവും ഉച്ചയ്ക്ക് 11.30ന്  അയ്യപ്പന് അഭിഷേകം നടത്തി. തങ്ങൾ കൊണ്ടുവരുന്ന നെയ്ത്തേങ്ങയിലെ ഒരു തുള്ളി നെയ്യെങ്കിലും ഭഗവാന് നേദിക്കാനായെന്ന കൃതാർത്ഥതയോടെയാണ് ഭക്തർ മലയിറങ്ങിയത്. അഭിഷേക പ്രസാദമായ 200 മില്ലീലിറ്റർ നെയ് വാങ്ങി മടങ്ങാനും അവസരമുണ്ടായി.

മണ്ഡല മകരവിളക്ക് സീസണിന് മുൻപ് ശബരിമല പൂങ്കാവനത്തിലെ 18 മലകൾ സന്ദർശിച്ച് ആദിവാസികൾക്ക് ഓണപ്പുടവ നൽകി. അവരുടെ ആവശ്യപ്രകാരം 41 ആദിവാസികളെ ശബരിമലയിൽ താത്കാലിക ജീവനക്കാരായി നിയമിച്ചു. അപ്പം, അരവണ പ്രസാദം വാങ്ങുന്നതിന് നോട്ടു നിരോധനം സൃഷ്ടിച്ച പ്രതിസന്ധി മറികടക്കാൻ ഡിജിറ്റൽ പണമിടപാട് സംവിധാനം നടപ്പാക്കി. നിരോധിക്കപ്പെട്ട നോട്ടുകൾ അയ്യപ്പന് കാണിക്കയായി ആരും ഭണ്ഡാരത്തിൽ നിക്ഷേപിച്ചില്ലെന്നതാണ് മറ്റൊരു വസ്തുത. ഉത്സവ കാലം വിജയിപ്പിക്കാൻ കഠിനാധ്വാനം ചെയ്ത നിരവധി പേരുണ്ട്. ശബരിമല മണ്ഡല മകരവിളക്ക് വിജയിപ്പിക്കാൻ സഹായിച്ച സംസ്ഥാന സർക്കാർ, വിവിധ സർക്കാർ വകുപ്പുകൾ, ദേവസ്വം ഉദ്യോഗസ്ഥർ, താത്ക്കാലിക, ദിവസ വേതന ജീവനക്കാർ എല്ലാവർക്കും ഈ അവസരത്തിൽ നന്ദി അറിയിക്കുന്നു.

## ഫോട്ടോ അടിക്കുറിപ്പ്:

1) ഭസ്മതീർത്ഥക്കുളത്തിന് സമീപം ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണന്റെ നേതൃത്വത്തിൽ നടന്ന ശുചീകരണ പ്രവർത്തനം

2) മണ്ഡല മകരവിളക്ക് സീസണിൽ ഇൻഫർമേഷൻ പബ്ളിക് റിലേഷൻസ് വകുപ്പിന്റെ സന്നിധാനത്തെ മീഡിയ സെന്റർ നടത്തിയ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് പത്തനംതിട്ട ജില്ലാ ഇൻഫർമേഷൻ ഓഫീസർ കെ. മോഹനൻ ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണന് കൈമാറുന്നു


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.